Har Ghar Jal
Jal Jeevan Mission

Building Partnerships
**Changing lives**

KERALA WATER AUTHORITY

Jalanidhi
KERALA RURAL WATER SUPPLY & SANITATION AGENCY

## കേരളാ റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി

**ജല ഗുണനിലവാര പരിശോധനാ സഹായി**

# കിറ്റുപയോഗിച്ച് ജലം പരിശോധിക്കുന്ന വിധം

## ജല ഗുണനിലവാര പരിശോധനാ കിറ്റിൽ അടങ്ങിയിരിക്കുന്ന സാധനങ്ങൾ

| | | |
|---|---|---|
| 1 | റീയേജെന്റ്സ് | 2 മുതൽ 15 വരെ SA, OTO & PO4 |
| 2 | 4 മി. ലിറ്റർകുപ്പി | 2 |
| 3 | 10 മി. ലിറ്റർ കുപ്പി | 2 |
| 4 | 20 മി. ലിറ്റർ ടെസ്റ്റ് ട്യൂബ് | 1 |
| 5 | 100 മി. ലിറ്റർ ഗ്ലാസ്സ് സിലിണ്ടറിക്കൽ ട്യൂബ് | 1 |
| 6 | 50 മി. ലിറ്റർ പ്ലാസ്റ്റിക് ബീക്കർ | 1 |
| 7 | ഫില്ലർ | 1 |

# കേരളാ റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി

## ജല ഗുണനിലവാര പരിശോധനാ കിറ്റ്

## കിറ്റുപയോഗിച്ച് ജലം പരിശോധിക്കുന്ന വിധം

### 1. പി.എച്ച്

50 മി. ലിറ്റർ ബീക്കറിൽ 25 മി. ലിറ്റർ ജലം എടുക്കുക. അതിൽ പി.എച്ച് പേപ്പർ ബുക്കിൽ നിന്നും ഒരു പേപ്പർ എടുത്ത് രണ്ടോ മൂന്നോ സെ.മീറ്റർ ആഴത്തിൽ ജലത്തിൽ മുക്കുക. അതിനുശേഷം താഴെ കൊടുത്തിരിക്കുന്ന കളർ ചാർട്ടുമായി താരതമ്യം ചെയ്ത് അതുമായി പൊരുത്തപ്പെടുന്ന നിറം കണ്ടെത്തുക. അതിലെ മൂല്യമായിരിക്കും പരിശോധിച്ച ജലത്തിന്റെ PH മൂല്യം.




### 2. ടർബിഡിറ്റി (കലക്കൽ)

കിറ്റിനോടൊപ്പം നൽകിയിട്ടുള്ള ഗ്ലാസ്സ് സിലിണ്ടർ ട്യൂബിൽ 100 മി.ലിറ്റർ ജലം എടുക്കുക. അതിനുശേഷം കലക്കലിന്റെ തോതു നിശ്ചയിക്കുന്ന ചാർട്ടിൽ ഗ്ലാസ് ട്യൂബ് വയ്ക്കുക. എന്നിട്ട് ചാർട്ടിൽ അടയാളപ്പെടുത്തിയിരിക്കുന്ന പുള്ളികളുടെ വ്യക്തത ഗ്ലാസ്സ് ട്യൂബിലൂടെ നിരീക്ഷിക്കുക. നിരീക്ഷണഫലം ചുവടെ ചേർക്കുന്ന രീതിയിൽ താരതമ്യം ചെയ്യുക.

- ചാർട്ടിലെ പുള്ളികൾ ഇരുണ്ടും വ്യക്തമായും കാണുന്നെങ്കിൽ
  0 NTU ➡
- ചാർട്ടിലെ പുള്ളികൾ വ്യക്തമായി കാണുന്നെങ്കിൽ
  5 NTU ➡
- പുള്ളികൾ മങ്ങിയാണ് കാണുന്നെങ്കിൽ
  10 NTU ➡

## TURBIDITY ESTIMATION CHART



## 3. ടോട്ടൽ ഹാർഡ്നെസ്സ് (മൊത്തത്തിലുള്ള ജലത്തിന്റെ കാഠിന്യം)

10 മി.ലിറ്റർ ജലം 20 മി.ലിറ്റർ ടെസ്റ്റ് ട്യൂബിൽ എടുക്കുക. അതിൽ പരിശോധനാ കിറ്റിലെ **നമ്പർ 2** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും മൂന്നോ നാലോ തുള്ളി റീയേജെന്റ് കലർത്തി അത് അലിഞ്ഞു ചേരുന്ന തുവരെ (30 സെക്കൻഡ്) ഇളക്കുക. അപ്പോൾ ജലത്തിന്റെ നിറം വൈൻ റെഡ് ആയി മാറും. **നമ്പർ 3** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും ഓരോ തുള്ളി വീതം റീയേജെന്റ് വൈൻ റെഡിൽ നിന്നും നീല നിറമാകുന്ന തുവരെ ഒഴിക്കുക. എത്ര തുള്ളികൾ ചേർത്തു എന്ന് നോക്കുക. അതിനെ **15** കൊണ്ട് ഗുണിക്കുക. അപ്പോൾകിട്ടുന്ന സംഖ്യയാണ് ടോട്ടൽ ഹാർഡ്നസിന്റെ (മൊത്തത്തിലുള്ള ജലത്തിന്റെ കാഠിന്യം) അളവ്.

***ഉദാഹരണം:*** മൂന്നാമത്തെ കുപ്പിയിൽ നിന്നും ചേർത്ത റീയേജന്റ് തുള്ളികളുടെ എണ്ണം 10 ആണെങ്കിൽ ടോട്ടൽ ഹാർഡ്നെസ്സ് 10 x 15 = 150 ആയിരിക്കും.

### കുറിപ്പ്:

- ആദ്യത്തെ തുള്ളി കലർത്തുമ്പോൾ തന്നെ നീല നിറമായി മാറുന്നെങ്കിൽ ജലത്തിലെ കാഠിന്യത്തിന്റെ അളവ് 15 mg/L ആയിരിക്കും.

- മൂന്നാമത്തെ കുപ്പിയിൽ നിന്നും കലർത്തുന്ന റീയേജന്റ് 10 തുള്ളി ചേർത്തതിനു ശേഷവും വൈൻ റെഡിൽ നിന്നും നീല നിറത്തിലേയ്ക്ക് മാറാത്തപക്ഷം പരിശോധന ഉപേക്ഷിക്കുക. വീണ്ടും 5 മി.ലിറ്റർ ജലത്തിൽ 5 മി.ലിറ്റർ സ്വേദിതജലം (distilled water) ഒഴിച്ച് നേർപ്പിച്ചതിനു ശേഷം വീണ്ടും പരിശോധന ആവർത്തിക്കുക. പ്രസ്തുത സാഹചര്യത്തിൽ പരിശോധനാ കിറ്റിൽ **3-ാം നമ്പർ** കുപ്പിയിൽ നിന്നും തുള്ളികളായി റീയേജന്റ് ചേർക്കുകയും നിറം മാറുന്നത് ശ്രദ്ധിക്കുകയും ചെയ്യുക. നിറം മാറുന്നതു വരെ എത്ര തുള്ളി റീയേജന്റ് ചേർത്തുവോ ആ സംഖ്യയെ 15 കൊണ്ട് ഗുണിച്ചശേഷം വീണ്ടും 2 കൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യയായിരിക്കും മൊത്തത്തിലുള്ള ജലത്തിന്റെ കാഠിന്യം.

***ഉദാഹരണം :***
മൂന്നാം നമ്പർ കുപ്പിയിൽ നിന്നും നേർപ്പിച്ച ജലത്തിൽ ചേർത്ത റീയേജന്റ് തുള്ളികളുടെ എണ്ണം 10 ആണെങ്കിൽ ടോട്ടൽ ഹാർഡ്നെസ്സ് 10x15 x 2 =300 ആയിരിക്കും.

## 4. ക്ലോറൈഡ്

5 മി.ലിറ്റർ ജലം 20 മി.ലിറ്റർ ടെസ്റ്റ് ട്യൂബിൽ എടുക്കുക. അതിലേയ്ക്ക് പരിശോധനാ കിറ്റിൽ **നമ്പർ 4** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽനിന്നും 2 സ്പൂൺ റീയേജന്റ് ചേർത്ത് ഇളക്കുമ്പോൾ അത് പർപ്പിൾ നിറത്തി ലേയ്ക്ക് മാറുന്നത് കാണാം. അതിനുശേഷം അതിലേയ്ക്ക് **നമ്പർ 5** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും ഒന്നോ രണ്ടോതുള്ളി റീയേജന്റ് ചേർക്കുക. അപ്പോൾ മഞ്ഞ നിറമാകുന്നതു കാണാം. അവ സാനമായി **നമ്പർ 6** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നുംഓരോ തുള്ളികളായി റീയേജന്റ് ചേർക്കുക. അപ്പോൾ മഞ്ഞ നിറം വീണ്ടും പർപ്പിൾ നിറത്തിലേയ്ക്ക് മാറുന്നത് കാണാം. എത്ര തുള്ളികൾചേർത്ത് എന്ന് നോക്കുക. അതിനെ **20** കൊണ്ട് ഗുണിക്കുക. അപ്പോൾ ലഭിക്കുന്ന സംഖ്യയാണ് ക്ലോറൈഡിന്റെ അളവ്.

***ഉദാഹരണം :***

നമ്പർ ആറ് എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും ചേർത്ത റീയേജന്റ് തുള്ളികളുടെ എണ്ണം 10 ആണെങ്കിൽ ക്ലോറൈഡ് 10 x 20 = 200 ആയിരിക്കും.

### കുറിപ്പ്:

- ആദ്യത്തെ തുള്ളി കലർത്തുമ്പോൾ തന്നെ പർപ്പിൾ നിറമായി മാറുന്നെങ്കിൽ ജലത്തിലെ ക്ലോറൈഡിന്റെ അളവ് 20 mg/L ആയിരിക്കും.

- ആറാമത്തെ കുപ്പിയിലെ റീയേജന്റ് 15 തുള്ളി ചേർത്തതിനുശേഷവും പർപ്പിൾ നിറത്തിലേയ്ക്ക് മാറാത്തപക്ഷം പരിശോധന ഉപേക്ഷിക്കുക. വീണ്ടും 5 മി.ലിറ്റർ ജലത്തിൽ 5 മി.ലിറ്റർ സ്വേദിതജലം (distilled water) ഒഴിച്ച് നേർപ്പിച്ചതിനുശേഷം വീണ്ടും പരിശോധന ആവർത്തിക്കുക. പ്രസ്തുത സാഹചര്യത്തിൽ പരിശോധനാ കിറ്റിൽ **നമ്പർ 6** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും തുള്ളികളായി റീയേജന്റ് ചേർക്കുകയും നിറം മാറുന്നത് ശ്രദ്ധിക്കുകയും ചെയ്യുക. നിറം മാറുന്നതുവരെ എത്ര തുള്ളി റീയേജന്റ് ചേർത്തുവോ ആ സംഖ്യയെ **20** കൊണ്ട് ഗുണിച്ചശേഷം വീണ്ടും **2** കൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യയായിരിക്കും ക്ലോറൈഡിന്റെ അളവ്.

  ***ഉദാഹരണം :*** ആറാം നമ്പർ കുപ്പിയിൽ നിന്നും നേർപ്പിച്ച ജലത്തിൽ ചേർത്ത റീയേജന്റ് തുള്ളികളുടെ എണ്ണം 10 ആണെങ്കിൽ ക്ലോറൈഡിന്റെ അളവ് 10x20 x 2 = 400 ആയിരിക്കും.

## 5. റെസിഡ്യൂവൽ ക്ലോറിൻ (അവശേഷിക്കുന്ന ക്ലോറിൻ)

10 മി.ലിറ്റർ ജലം കിറ്റിനോടൊപ്പം നൽകിയിട്ടുള്ള കറുത്ത അടപ്പുള്ള കുപ്പിയിൽ എടുക്കുക. അതിൽ രണ്ടുതുള്ളി **OTO** റീയേജെന്റ് കലർത്തി അത് അലിയുന്നതുവരെ ഇളക്കുക. അതിനുശേഷം രൂപപ്പെടുന്ന നിറം ചുവടെ ചേർത്തിട്ടുള്ളകളർ ചാർട്ടുമായി താരതമ്യം ചെയ്യുക.

### കുറിപ്പ്:

റീയേജന്റ് 15 തുള്ളി ചേർത്തതിനുശേഷവും നിറം മാറിയില്ലെങ്കിൽ അവശേഷിക്കുന്ന ക്ലോറിന്റെ അളവ് കൂടുതലാണെന്ന് മനസിലാക്കാം. തുടർന്ന് 1 മി.ലിറ്റർജലത്തിൽ 9 മി.ലിറ്റർ സ്വേദിത ജലം (distilled water) ഒഴിച്ച് നേർപ്പിച്ചതിനുശേഷം വീണ്ടും പരിശോധന ആവർത്തിക്കുക. അപ്പോൾ കിട്ടുന്ന ഫലം എത്രയാണോഅതിനെ 10 കൊണ്ട് ഗുണിക്കുക. ആ സംഖ്യയായിരിക്കും അവശേഷിക്കുന്നക്ലോറിന്റെ അളവ്.

***ഉദാഹരണം :***

1 മി. ലിറ്റർ ജലസാമ്പിളിൽ 9 മി. ലിറ്റർ സ്വേദിതജലം (distilled water) ഒഴിച്ച് നേർപ്പിച്ചതിനുശേഷം രണ്ടുതുള്ളി OTO റീയേജെന്റ് ചേർക്കുമ്പോൾ 2.0 ppm ആണ് കിട്ടുന്നതെങ്കിൽ അവശേഷിക്കുന്ന ക്ലോറിന്റെ അളവ് 2.0 x 10 = 20 ആയിരിക്കും.

## Free Chlorine (ppm)




## 6. ഇരുമ്പ്

10 മി.ലിറ്റർ ജലം കിറ്റിനോടൊപ്പം നൽകിയിട്ടുള്ള കറുത്ത അടപ്പുള്ള കുപ്പിയിൽ എടുക്കുക. അതിൽ പരിശോധനാ കിറ്റിൽ **നമ്പർ 9** എന്ന് രേഖപ്പെടുത്തിയകുപ്പിയിൽ നിന്നും നാലു തുള്ളി റീയേജെന്റ് ഒഴിക്കുക. എന്നിട്ട് രണ്ട് മൂന്ന് മിനിറ്റ് ഇളക്കിയതിനുശേഷം **10-ാം നമ്പർ** കുപ്പിയിൽ നിന്നും രണ്ടു സ്പൂൺ റീയേജന്റ് ചേർത്ത് അത് അലിഞ്ഞു ചേരുന്നതു വരെ ഇളക്കുക. തുടർന്ന് 5 മിനിറ്റിനുശേഷം രൂപപ്പെടുന്ന നിറം കളർ ചാർട്ടുമായി താരതമ്യം ചെയ്യുക.

## IRON (ppm)



## 7. നൈട്രേറ്റ്

10 മി.ലിറ്റർ ജലം കിറ്റിനോടൊപ്പം നൽകിയിട്ടുള്ള കറുത്ത അടപ്പുള്ള കുപ്പിയിൽ എടുക്കുക. **അതിൽ SA** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും ഒരു സ്പൂൺ റീയേജന്റ് ചേർത്ത് അലിയിക്കുക. അതിനുശേഷം അതിലേയ്ക്ക് പരിശോധനാ കിറ്റിലെ **11-ാം നമ്പർ** കുപ്പിയിൽ നിന്നും രണ്ടു സ്പൂൺ റീയേജന്റ് ചേർത്ത് അത് അലിഞ്ഞു ചേരുന്നതുവരെ നന്നായി ഇളക്കിയതിനുശേഷം 10 മിനിറ്റ് നിരീക്ഷിക്കുക. അതിനുശേഷം രൂപപ്പെടുന്ന നിറം കളർ ചാർട്ടുമായി താരതമ്യം ചെയ്യുക.

**NITRATES (ppm)**




## 8. ഫ്ളൂറൈഡ്

4 മി.ലിറ്റർ ജലം കിറ്റിനോടൊപ്പം നൽകിയിട്ടുള്ള കറുത്ത അടപ്പുള്ള കുപ്പിയിൽ എടുക്കുക. അതിൽ പരിശോധനാ കിറ്റിൽ **നമ്പർ 12** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും ഫില്ലറിന്റെ സഹായത്തോടെ 1 മി. ലിറ്റർ റീയേജന്റ് ചേർത്ത് ഇളക്കുക. അതിൽ രൂപപ്പെടുന്ന നിറം ചുവടെ ചേർത്തിട്ടുള്ള കളർ ചാർട്ടുമായി താരതമ്യം ചെയ്യുക.

## FLUORIDE (ppm)




## 9. ടോട്ടൽ ആൽക്കലിനിറ്റി (മൊത്തത്തിലുള്ള ക്ഷാരാംശം)

10 മി. ലിറ്റർ ജലം കിറ്റിനോടൊപ്പം നൽകിയിട്ടുള്ള കറുത്ത അടപ്പുള്ള കുപ്പിയിൽ എടുക്കുക. അതിൽ പരിശോധനാ കിറ്റിൽ **നമ്പർ 7** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും രണ്ടു തുള്ളി റീയേജന്റ് കലർത്തുക. അപ്പോൾ നീല നിറമാകുന്നതു കാണാം. അതിനുശേഷം **8-ാം നമ്പർ** കുപ്പിയിൽ നിന്നും ഓരോ തുള്ളി വീതം നീല നിറം മാറി റെഡിഷ് പിങ്ക് നിറമാകുന്നതുവരെ ഒഴിക്കുക. എത്ര തുള്ളികൾ ചേർത്തു എന്ന് നോക്കുക. അതിനെ **25** കൊണ്ട് ഗുണിക്കുക. അപ്പോൾ കിട്ടുന്ന സംഖ്യയാണ് ടോട്ടൽ ആൽക്കലിനിറ്റിയുടെ അളവ്.

***ഉദാഹരണം :*** എട്ടാമത്തെ കുപ്പിയിൽ നിന്നും ചേർത്ത റീയേജന്റ് തുള്ളികളുടെ എണ്ണം 10 ആണെങ്കിൽ ടോട്ടൽ ആൽക്കലിനിറ്റി 10 x 25 = 250 ആയിരിക്കും.

**കുറിപ്പ് :**

എട്ടാം നമ്പർ കുപ്പിയിൽ നിന്നും കലർത്തുന്ന റീയേജന്റ് 10 തുള്ളി ചേർത്തതിനുശേഷവും റെഡിഷ് പിങ്ക് നിറത്തിലേയ്ക്ക് മാറാത്ത പക്ഷം പരിശോധന ഉപേക്ഷിക്കുക. വീണ്ടും 5 മി.ലിറ്റർ ജലത്തിൽ 5 മി. ലിറ്റർ സ്വേദിതജലം (distilled water) ഒഴിച്ച് നേർപ്പിച്ചതിനുശേഷം വീണ്ടും പരിശോധന ആവർത്തിക്കുക. പ്രസ്തുത സാഹചര്യത്തിൽ പരിശോധനാ കിറ്റിൽ **നമ്പർ 8** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും

തുള്ളികളായി റീയേജന്റ് ചേർക്കുകയും നിറം മാറുന്നത് ശ്രദ്ധിക്കുകയും ചെയ്യുക. നിറം മാറുന്നതുവരെ എത്ര തുള്ളി റീയേജന്റ് ചേർത്തുവോ ആ സംഖ്യയെ **25** കൊണ്ട് ഗുണിച്ചശേഷം വീണ്ടും **2** കൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യയായിരിക്കും മൊത്തത്തിലുള്ള ജലത്തിന്റെ കാഠിന്യം.

***ഉദാഹരണം :*** എട്ടാം നമ്പർ കുപ്പിയിൽ നിന്നും നേർപ്പിച്ച ജലത്തിൽ ചേർത്ത റീയേജെന്റ് തുള്ളികളുടെ എണ്ണം 10 ആണെങ്കിൽ മൊത്തത്തിലുള്ള ജലത്തിന്റെ കാഠിന്യം 10 x 25 x 2 = 500 ആയിരിക്കും.

## 10. അമോണിയ

4 മി. ലിറ്റർ ജലം കിറ്റിനോടൊപ്പം നൽകിയിട്ടുള്ള കറുത്ത അടപ്പുള്ള കുപ്പിയിൽ എടുക്കുക. അതിൽ പരിശോധനാ **കിറ്റിൽ 13, 14** എന്നീ നമ്പർ രേഖപ്പെടുത്തിയ കുപ്പികളിൽ നിന്നും 4 തുള്ളി വീതം റീയേജന്റ് ചേർത്ത് ഇളക്കുക. അപ്പോൾ രൂപപ്പെടുന്ന നിറം ചുവടെ ചേർത്തിട്ടുള്ള കളർ ചാർട്ടുമായി താരതമ്യം ചെയ്യുക.

### AMMONIA (ppm)



## 11. ഫോസ്ഫേറ്റ്

പരിശോധനാ കിറ്റിൽ **നമ്പർ 15** എന്ന് രേഖപ്പെടുത്തിയ കുപ്പിയിൽ നിന്നും ഫില്ലറിന്റെ സഹായത്തോടെ 1.5 മി.ലിറ്റർ റീയേജെന്റ് കറുത്ത അടപ്പുള്ള 10 മി.ലിറ്റർ കുപ്പിയിൽ എടുക്കുക. തുടർന്ന് **"PO4"**എന്ന കുപ്പിയിൽ നിന്നും ഒരു നുള്ള് പൗഡർ കലർത്തി നന്നായി യോജിപ്പിക്കുക. അതിനുശേഷം കുപ്പിയിൽ അടയാളപ്പെടുത്തിയിരിക്കുന്നതു വരെ ജല സാമ്പിൾ എടുത്ത് നന്നായി അലിയിച്ചു വയ്ക്കുക. 10 മിനിറ്റിനു ശേഷം രൂപപ്പെടുന്ന നിറം കളർ ചാർട്ടുമായി താരതമ്യം ചെയ്യുക.

**$PO_4$-P (ppm)**



## ജൈവാണു പരിശോധന

ഹൈഡ്രജൻ സൾഫേറ്റ്സ് ട്രിപ്പ് അടങ്ങിയ കുപ്പിയിൽ 20 മി.ലിറ്റർ ജലമൊഴിച്ചു വയ്ക്കുക. എന്നിട്ട് 24 മുതൽ 48 മണിക്കൂർ വരെ നിരീക്ഷിക്കുക. ജലത്തിന്റെ നിറത്തിൽ മാറ്റമില്ലെങ്കിൽ ജൈവാണുവിന്റെ സാന്നിധ്യമില്ലെന്നും ജലത്തിന്റെ നിറം കറുപ്പായി മാറിയാൽ ജൈവാണുവിന്റെ സാന്നിധ്യം ഉണ്ടെന്നും മനസ്സിലാക്കാം.



**പ്രത്യേകശ്രദ്ധയ്ക്ക് :**

ജലസാമ്പിളുകൾ അതാതിടങ്ങളിലും പൊതുസ്ഥലങ്ങളിലും വച്ച് പരിശോധിക്കാവുന്നതാണ്. ഓരോ സാമ്പിൾ ടെസ്റ്റ് ചെയ്തതിനു ശേഷവും അടുത്ത് ടെസ്റ്റ് ചെയ്യാൻ പോകുന്ന സാമ്പിൾ കൊണ്ട് ഉപകരണങ്ങൾ കഴുകുക. പരിശോധന കഴിഞ്ഞയുടൻ ഉപകരണങ്ങൾ എല്ലാം തന്നെ കിറ്റിനൊപ്പം തന്നിട്ടുള്ള സ്വേദിതജലം (distilled water) ഉപയോഗിച്ച് കഴുകേണ്ടതാണ്. ജലപരിശോധനാ കിറ്റിൽ ഉള്ള രാസവസ്തുക്കൾ കൈയിലോ ദേഹത്തോ പുരളാതെ കൈകാര്യം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

- രാസപരിശോധനയ്ക്കായി ഉപയോഗിച്ച ജലസാമ്പിളുകൾ പരിശോധനയ്ക്ക് ശേഷം ബ്ലീച്ചിംഗ് പൗഡർ ലായനി ഉപയോഗിച്ച് അണുവിമുക്തമാക്കിയ ശേഷം ഉപേക്ഷിക്കാവുന്നതാണ്.
- ജൈവാണു പരിശോധനയ്ക്കായി ഉപയോഗിച്ച ജലസാമ്പിളുകൾ പരിശോധനയ്ക്കു ശേഷം നിർബന്ധമായും അണുവിമുക്തമാക്കിയ ശേഷം മാത്രമേ ഉപേക്ഷിക്കാവൂ.

പീലിയാനിക്കൽ, തൊടുപുഴ, 222448